KERALA STATE FINANCIAL ENTERPRISES STAFF ASSOCIATION
Reg. No. 181/71, Kottappuram Road, Thrissur - 4
(Affiliated to C.I.T.U.R.No.K.1128)
E-mail : ksfesasccitu@gmail.com Web : www.ksfesa.com
President
Elamaram Kareem
Mob : 9400307786
General Secretary
S.Muraleekrishnapillai
Mob : 9446538432

സർക്കുലർ: 9/2019 15.10.2019

സഖാക്കളേ,

കെഎസ്എഫ് ഇ യുടെ സുവർണ ജൂബിലി ആഘോഷങ്ങൾ ചർച്ച ചെയ്തു തീരുമാനിക്കുന്നതിനായി മാനേജ്മെന്റും സംഘടനകളും തമ്മിലുള്ള ചർച്ച ഇന്ന് (15.10.2019) ചൊവ്വാഴ്ച രാവിലെ 11.30 ന് തൃശൂരിൽ ചേർന്നു. മാനേജ്മെന്റിനെ പ്രതിനിധീകരിച്ചു ചെയർമാൻ, മാനേജിങ് ഡയറക്ടർ, ജനറൽ മാനേജർ (ബിസിനസ്) , ജനറൽ മാനേജർ (ഫിനാൻസ്), ഡിജിഎം ഇൻ ചാർജ് (പി &എച്ച് ആർ ), കമ്പനി സെക്രട്ടറി ഡയറക്ടർ ബോർഡ് അംഗങ്ങളായ സർവ്വശ്രീ അഡ്വ. വി.കെ.പ്രസാദ്, പ്രഫ .കെ,എൻ.ഗംഗാധരൻ, പി.കെ.ആനന്ദക്കുട്ടൻ എന്നിവരും നമ്മുടെ സംഘടനയെ പ്രതിനിധീകരിച്ച് സഖാക്കൾ എസ്.മുരളീകൃഷ്ണപിള്ള, കവിതാ രാജ് എസ്.വി, പി.ദേവദാസ്, സുജിത എസ്എ , വിജയകുമാർ ബി എസ്, സജു എസ്, മനോജ് ഇ.വി എന്നിവരും പങ്കെടുത്തു.

ചർച്ചയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളും ധാരണയും.

1. 2019 നവംബർ 6 മുതൽ 2020 നവംബർ 6 വരെ ഒരു വർഷം നീണ്ടുനിൽക്കുന്ന വ്യത്യസ്ത പരിപാടികൾ സുവർണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കും.
2. ഈ കാലയളവിൽ 50 പുതിയ ശാഖകൾ ആരംഭിക്കും
3. 2019 നവംബർ 9 ന് സുവർണജൂബിലി ആഘോഷങ്ങളുടെ സംസ്ഥാന തല ഉദ്ഘാടനം ബഹു. മുഖ്യമന്ത്രി സ .പിണറായി വിജയൻ നിർവഹിക്കും. ധനകാര്യ വകുപ്പുമന്ത്രി സ.ഡോ.ടി.എം.തോമസ് ഐസക് അധ്യക്ഷത വഹിക്കും. മന്ത്രിമാർ, എം.എൽ.എ മാർ, എംപിമാർ മറ്റു ജനപ്രതിനിധികൾ എന്നിവർ പങ്കെടുക്കും. നവീകരിച്ച ഹെഡ് ഓഫീസിന്റെ ഉദ്ഘാടനവും മുഖ്യമന്ത്രി നിർവഹിക്കും.
4. കെഎസ് എഫ് ഇ യുടെ ചരിത്രം വിശദമാക്കുന്ന പുസ്തകം പ്രസിദ്ധീകരിക്കും.
5. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് കേന്ദ്രങ്ങളിലായി മൂന്ന് സാമ്പത്തിക സെമിനാറുകൾ സുവർണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കും. വിഷയങ്ങൾ : 1. നവകേരള നിർമാണം കെഎസ് എഫ് ഇ യുടെ പങ്ക് 2. എൻ.ബി.എഫ്.സി പ്രശ്നങ്ങളും പ്രതീക്ഷകളും 3. നിലനിൽക്കുന്ന സാമ്പത്തിക പരിതസ്ഥിതിയിൽ കെ എസ് എഫ് ഇ യുടെ പങ്ക്.

6. താലൂക്ക്/മേഖലാ അടിസ്ഥാനത്തിൽ വരിക്കാരുടെയും ഇടപാടുകാരുടെയും വിപുലമായ യോഗങ്ങൾ ചേരും
7. കേരളത്തിലെ മറ്റു സാമ്പത്തിക സ്ഥാപങ്ങളുടെയടക്കം സഹകരണത്തോടെ സാമ്പത്തിക സാക്ഷരതാ പരിപാടികൾ സംഘടിപ്പിക്കും.
8. യുവാക്കൾക്കായി പ്രത്യേകം ചിട്ടികൾ ആരംഭിക്കും.
9. 300 ശാഖകൾ സുവർണ ജൂബിലി വർഷത്തിൽ ആധുനികവൽക്കരിക്കും.
10. കെ എസ് എഫ് ഇ ജീവനക്കാരുടെ മക്കളിൽ സുവർണ ജൂബിലി വർഷത്തിൽ പഠനത്തിലും മറ്റു മേഖലകളിലും ഉന്നത വിജയം നേടിയവർക്ക് സുവർണജൂബിലി മൊമെന്റോ നൽകും.
11. FESCA പുനഃസംഘടിപ്പിക്കണമെന്ന ആവശ്യത്തോട് മാനേജ്മെന്റ് പൂർണമായും യോജിച്ചു. ഇനി മുതൽ എല്ലാ വർഷവും കലാ കായിക മത്സരങ്ങളും ഉന്നത വിദ്യാഭ്യാസം നേടുന്ന കെഎസ്എഫ്ഇ കുടുംബങ്ങളിലെ കുട്ടികളെ ആദരിക്കൽ പരിപാടിയും ഉണ്ടാകും.
12. പുതിയകാലത്തെ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നത്തിനു സ്ഥാപനത്തെ സജ്ജമാക്കുന്നതിന് സമഗ്രമായ ഒരു വർക് ഷോപ് നടത്തും.
13. 25 വർഷം സർവീസ് പൂർത്തിയായ ജീവനക്കാർക്ക് ഒരു പവൻ സ്വർണം നൽകും. (ഇതിനോട് സംഘടനകൾ യോജിച്ചില്ല .എല്ലാവർക്കും സമ്മാനം നല്കണമെന്ന് സംഘടനകൾ ആവശ്യപ്പെട്ടു. തുടർചർച്ചകളിൽ തീരുമാനം എടുക്കാമെന്ന് മാനേജ്മെന്റ് അറിയിച്ചു.)
14. സുവർണ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി കെഎസ്എഫ്ഇ യുടെ സന്ദേശം കേരളത്തിലെ എല്ലാ ഭവനങ്ങളിലുമെത്തിക്കുക എന്ന ലക്ഷ്യത്തോടെ സമഗ്രവും എന്നാൽ ലളിതവുമായ ലഘുലേഖ തയ്യാറാക്കും.
15. പുതിയസാഹചര്യത്തിൽ എഡ്യുകെയർ ചിട്ടിയുടെ സാധ്യത പരിശോധിച്ച് നടപ്പിലാക്കാൻ പരിശ്രമിക്കും.

സുവർണ ജൂബിലി ആഘോഷം കെട്ടിട ഉദ്ഘാടനവും ആഘോഷങ്ങളുമായി പരിമിതപ്പെടരുതെന്നും സ്ഥാപനത്തിന്റെ അടിത്തറ വിപുലപ്പെടുത്തി സാധാരണജനങ്ങൾക്കു പ്രാപ്യമായ സ്ഥാപനമാക്കുന്ന ജനകീയ പദ്ധതികൾ സുവർണ ജൂബിലി വർഷത്തിൽ പ്രഖ്യാപിച്ചു നടപ്പാക്കണമെന്നും നാം ആവശ്യപ്പെട്ടു. സുവർണ ജൂബിലി ചിട്ടി പദ്ധതിയിൽ ചേരുന്ന വരിക്കാർക്ക് നൽകാമെന്ന് വാഗ്ദാനം ചെയ്ത ഫ്ലാസ്ക് ഇതുവരെയും നൽകാൻ കഴിയാത്തത് കെടുകാര്യസ്ഥതയാണെന്നും അടിയന്തിരമായി തിരുത്തണമെന്നും സുവർണ ജൂബിലി വർഷത്തിൽ ഏജന്റുമാർ പിണങ്ങി നിൽക്കുന്ന സാഹചര്യം ഒഴിവാക്കണമെന്നും ഏജന്റുമാരുടെ സംഘടനയുമായി ചർച്ച ചെയ്ത് അവരുടെ ആവശ്യങ്ങൾ രമ്യമായി ഒത്തുതീർപ്പാക്കണമെന്നും നാം ആവശ്യപ്പെട്ടു. വനിതകൾക്ക് നമ്മുടെ പദ്ധതികളിൽ ആകർഷകമായ പലിശയിളവുകൾ പ്രഖ്യാപിക്കണം.

മൊബൈൽ ആപ്പും ഗോൾഡ് ലോൺ ഓഡിയും നടപ്പാക്കുകയും CASBA യിലെ കണക്ടിവിറ്റി പ്രശ്നം പരിഹരിക്കുകയും വേണം. പുതുതായി നവീകരിച്ച

ഹെഡ് ഓഫീസ് കെട്ടിടത്തിൽ എല്ലാ വിഭാഗം ജീവനക്കാർക്കും ആവശ്യമായ സൗകര്യങ്ങളും ഇരിപ്പിടങ്ങളും ഉണ്ടെന്നു ഉറപ്പു വരുത്തണം.

സെക്കണ്ടറി കണക്ഷനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായെന്നും എത്രയും വേഗം സെക്കണ്ടറി കണക്ഷൻ ലഭ്യമാകുന്നതോടു കൂടി CASBA യിലെ കണക്ടിവിറ്റി പ്രശ്നം പരിഹരിക്കപ്പെടുമെന്നും മൊബൈൽ ആപ്പ് സുവർണ ജൂബിലി ഉദ്ഘാടന വേളയിൽ തന്നെ പ്രദർശിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷയെന്നും മാനേജ്മെന്റ് അറിയിച്ചു. നിയമപരമായ ചട്ടങ്ങളും ടെൻഡർ നടപടികളും പൂർത്തിയാക്കുന്നതിൽ വന്ന കാലതാമസം മൂലമാണ് സുവർണ ജൂബിലി ചിട്ടി സമ്മാനവിതരണം വൈകുന്നതെന്നും എത്രയും വേഗം തന്നെ സമ്മാനങ്ങൾ വിതരണം ചെയ്യുമെന്നും മാനേജ്മെന്റ് അറിയിച്ചു.

ശമ്പള പരിഷ്കരണ ചർച്ച

ഉച്ച കഴിഞ്ഞു 3.15ന് ശമ്പള പരിഷ്കരണ ചർച്ച നടന്നു. ജീവനക്കാരുടെ ശമ്പള പരിഷ്കരണ ചർച്ചകൾക്കായി ഡയറക്ടർ ബോർഡ് ഒരു സബ് കമ്മിറ്റി രൂപീകരിച്ചിരുന്നു. സബ്കമ്മിറ്റി അംഗങ്ങളും ചർച്ചയിൽ പങ്കെടുത്തു. ഇക്കഴിഞ്ഞ ഫെബ്രുവരി മാസത്തിൽ തന്നെ കേരള സർക്കാർ ശമ്പള പരിഷ്കരണ ചർച്ച ആരംഭിക്കാൻ അനുമതി നൽകുകയുണ്ടായിയെന്നും അത് തുടങ്ങി വയ്ക്കാനാണ് ഇന്ന് ചർച്ച വിളിച്ചതെന്നും മാനേജ്മെന്റ് അറിയിച്ചു. വർക്ക്മെൻ സംഘടനകളുമായി ചർച്ച ചെയ്ത് കരാർ ഉണ്ടാക്കുകയെന്നതാണ് കീഴ്‌വഴക്കമെങ്കിലും ചർച്ച ആരംഭിക്കുമ്പോൾ ഒരുമിച്ചു വിളിച്ചത് പൊതുവായ വിഷയങ്ങൾ സംസാരിക്കാനാണെന്നും ചെയർമാൻ അറിയിച്ചു. ചർച്ചയിൽ പങ്കെടുത്തുകൊണ്ട് താഴെ കൊടുക്കുന്ന വിഷയങ്ങൾ നാം മാനേജ്മെന്റിന്റെ ശ്രദ്ധയിൽ പെടുത്തി.

1. കഴിഞ്ഞ ശമ്പള പരിഷ്കരണ കരാറിലെ ഓപ്ഷൻ സംബന്ധമായ അപാകതകൾ ആദ്യം പരിഹരിക്കണം.
2. അസിസ്റ്റന്റ് സീനിയോറിറ്റി ലിസ്റ്റിലെ അപാകത സംബന്ധിച്ച് ജീവനക്കാർ നൽകിയ ന്യായമായ പരാതികൾ പരിഹരിക്കുകയോ പരാതി ന്യായമല്ലെങ്കിൽ അവരെ രേഖാമൂലം ബോധ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഒന്നുകിൽ അവരുടെ സീനിയോറിറ്റി നിയമപരമായി പുനഃസ്ഥാപിച്ച് നൽകണം. നിയമപരമായ തടസം ഉണ്ടെങ്കിൽ അത് അടിയന്തിരമായി പരാതിക്കാരെ രേഖാമൂലം അറിയിക്കണം.
3. പി ടിഎസ് തസ്തികയിൽ നിന്നും ഓഫീസ് അറ്റന്റന്റ് ആയി പ്രൊമോഷൻ നേടിയ ഒരു ജീവനക്കാരിക്ക് (ഒരേ ദിവസം ജോയിൻ ചെയ്ത് ഒരേ ദിവസം പ്രൊമോഷൻ നേടിയ) മറ്റു ജീവനക്കാരേക്കാൾ ശമ്പളം കുറവായിരിക്കുന്ന പ്രശ്നം പലതവണ ജീവനക്കാരി കത്ത് നൽകിയിട്ടും പരിഹരിച്ചില്ലായെന്ന പ്രശ്നം ഗൗരവതരമാണ്.

   അടിയന്തിരമായി പ്രശ്നം പരിഹരിക്കണം. 2007 ലെ കരാറിലാണ് Despatch Assistant തസ്തിക സൃഷ്ടിച്ചത്.അവരുടെ ഉത്തരവാദിത്തങ്ങളും ചുമതലകളും ഉടൻ തന്നെ നിശ്ചയിച്ചു നൽകുമെന്ന് മാനേജ്മെന്റ് അറിയിക്കുകയും പ്രൊമോഷൻ ഉത്തരവിലും അത് സൂചിപ്പിക്കുകയും ചെയ്തു.എന്നാൽ

നാളിതുവരെ ചുമതലകൾ നിർവചിച്ചു് നൽകിയിട്ടില്ല. ഇത്തവണത്തെ കരാറിൽ വ്യക്തമായ വ്യവസ്ഥ ഉണ്ടാകണമെന്ന് നാം ആവശ്യപ്പെട്ടു.

ആദ്യത്തെ മൂന്നു വിഷയങ്ങൾ വിശദമാക്കി ഒന്നുകൂടി മാനേജ്മെന്റിനു കത്ത് നൽകിയാൽ അടുത്ത ചർച്ചയ്ക്കു മുൻപാകെ തന്നെ പരിഹരിക്കുന്നതാണെന്നും Despatch Assistant ന്റെ ചുമതലകൾ ഇത്തവണത്തെ കരാറിന്റെ ഭാഗമാക്കാമെന്നും മാനേജ്മെന്റ് അറിയിച്ചു. അടുത്ത ചർച്ചാ തീയതി ഒക്ടോബർ 22 കഴിഞ്ഞു അറിയിക്കാമെന്നും ഈ വർഷം തന്നെ ചർച്ച പൂർത്തിയാക്കി കറാറുണ്ടാക്കാൻ മാനേജ്മെന്റ് സന്നദ്ധമാണെന്നും ചെയർമാൻ അറിയിച്ചു. ചർച്ച 4.15 ന് അവസാനിച്ചു.

അഭിവാദങ്ങളോടെ,

എസ്.മുരളീകൃഷ്ണ പിള്ള
ജനറൽ സെക്രട്ടറി
മൊബൈൽ നമ്പർ ;9446538432

**NB:**കലാകായിക മത്സരങ്ങളുടെ സംസ്ഥാന തല മത്സരം ഡിസംബർ **29** ന് നടക്കും. എന്നാൽ മത്സരയിനങ്ങളുടെയും മത്സരാർഥികളുടെയും എണ്ണത്തിലുള്ള വർധന പരിഗണിച്ചു മൽസരം മൂന്ന് ദിവസങ്ങളിലായി നടത്താനും സാധ്യതയുണ്ട്...